(ഡി) 3-10-1997 മുതൽ

(ഇ) ഉണ്ട്. ഒന്ന്.

(എഫ്) വാടകയിനത്തിൽ നൽകാനുള്ള തുക ജില്ലാ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക മുഴുവൻ തീർക്കാൻ ഫണ്ട് ലഭ്യമല്ലാതിരുന്നതു കൊണ്ട് കണ്ണൂർ ജില്ലാ പഞ്ചായത്തിന് ഈ ഇനത്തിൽ ആകെ 25,641 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക തീർക്കുന്നതാണ്.

(ജി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തീർക്കുന്നതാണ്. ഈ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നതാണ്.

സർക്കാർ വിദ്യാലയങ്ങൾക്ക് ആവശ്യത്തിന് കെട്ടിടങ്ങളില്ലാത്ത അവസ്ഥ

78 (2953) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ വിദ്യാലയങ്ങൾക്ക് ആവശ്യത്തിന് കെട്ടിടങ്ങളില്ലാതെ വിഷമിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്തു നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ വിദ്യാലയങ്ങളുടെ നിർമ്മാണചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ബഡ്ജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള തുക വക കൊള്ളിക്കുന്നുണ്ട്.

സ്കൂൾ ശുചീകരണ/പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

79 (2954) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ ശുചീകരണ/പാചക തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പത്തും, ഇരുപത്തഞ്ചും വർഷംവരെ പണിയെടുത്തു വരുന്ന പാചക തൊഴിലാളികളെയും സ്കൂൾ ശുചീകരണ തൊഴിലാളികളെയും കൂലി സംബന്ധമായ തർക്കങ്ങളുടെ അടിസ്ഥാനത്തിൽ പിരിച്ചു വിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്കൂളുകളിൽ പാചക തൊഴിലും സ്കൂൾ തൂത്തുവാരുന്ന തൊഴിലും ഒരുമിച്ച് ചെയ്യുന്ന സ്കൂൾ ശുചീകരണ/പാചക തൊഴിലാളികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

തുച്ഛമായ വേതനം മാത്രമേ കിട്ടുന്നുള്ളൂ എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇവർക്കും ന്യായമായ വേതനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി & ഡി) ഉച്ച ഭക്ഷണത്തിനുള്ള കണ്ടിജൻസി ചാർജ് 14-7-1999-ലെ ഗവൺമെന്റ് ഉത്തരവ് നം. (ആർ. ടി.) 3252/99 പൊ. വി. പ്രകാരം വർദ്ധിപ്പിച്ചിരുന്നു. കണ്ടിജൻസി ചാർജിന്റെ 50% പാചക തൊഴിലാളികൾക്ക് കൂലിയായി നൽകുന്നു. ഇത് വീണ്ടും ഉടനെ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

എൽ. പി. സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് വേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത

80 (2955) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ. പി. സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് വേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയെന്താണ് ;

(ബി) അടിസ്ഥാന യോഗ്യതയിലും ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളവരെ എൽ. പി. സ്കൂൾ അദ്ധ്യാപകരായി നിയമിച്ചതിനെതിരെ കോടതിയുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) എൽ. പി. സ്കൂൾ അദ്ധ്യാപക നിയമനത്തിന് ടി. ടി.സി. ക്കാരെ നിയമിക്കാവൂ എന്ന കോടതി ഉത്തരവ് പാലിച്ചിട്ടുണ്ടോ ; ഇതിനായി എന്തെല്ലാം നടപടി കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എസ്. എസ്. എൽ. സി. യും ടി. ടി. സി. യും.

(ബി) പത്തനംതിട്ട ജില്ലയിൽ എൽ. പി. സ്കൂളുകളിൽ ബിരുദധാരികളെ നിയമിച്ച കേസിൽ കോടതി വിധി ഉണ്ടായിട്ടുണ്ട്.

(സി) സിംഗിൾ ബഞ്ചു വിധിയിൽ ടി. ടി. സി. യോഗ്യത ഇല്ലാത്തവരെ പ്രൈമറി അദ്ധ്യാപകരായി തെരഞ്ഞെടുത്ത പി. എസ്. സി. യുടെ നടപടി റദ്ദാക്കുകയും, അപ്രകാരം നിയമിക്കപ്പെട്ട ടി. ടി. സി. ഇല്ലാത്ത ബിരുദധാരികളായ അദ്ധ്യാപകരുടെ നിയമനം റദ്ദാക്കുവാനും ഉത്തരവാകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly